പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1158 — 06.06.2018 ന് മറുപടിയ്ക്ക്.

## തൊഴിൽ നൈപുണ്യ വികസനം

ചോദ്യം — ഉത്തരം

ശ്രീ.എം. സ്വരാജ് :

ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | |
|---|---|
| **(എ)** യുവാക്കൾക്ക് തൊഴിൽ നൈപുണ്യം നൽകുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നു എന്ന് അറിയിക്കുമോ; | **(എ)** തൊഴിൽ നൈപുണ്യം നൽകുന്നതിനായി കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) മുഖേന നടപ്പിലാക്കിവരുന്ന വിവിധ നൈപുണ്യ വികസന പദ്ധതികൾ<br><br>1. സെന്റർ ഓഫ് എക്സലൻസ് (മികവിന്റെ കേന്ദ്രങ്ങൾ)<br>• <u>നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE)</u><br>നഴ്സിംഗ് മേഖലയിൽ നൈപുണ്യ വികസനത്തിനായി NICE (Nursing Institute for Career Enhancement) എന്ന സ്ഥാപനം തിരുവനന്തപുരം ജില്ലയിലെ കിൻഫ്രയിൽ പ്രവർത്തിച്ചുവരുന്നു.<br>• <u>സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി (CATS)</u><br>സെക്യൂരിറ്റി മേഖലയിൽ നൈപുണ്യ വികസനത്തിനായി ഡൽഹി ആസ്ഥാനമായി പ്രവർത്തിച്ചു വരുന്ന Pragmatic Educational Society യുമായി സഹകരിച്ച് CATS (Centre for Advanced Training in Security എന്ന സ്ഥാപനം തിരുവനന്തപുരം ജില്ലയിലെ കിൻഫ്രയിൽ പ്രവർത്തിച്ചുവരുന്നു.<br>• <u>എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഫോർ ഓയിൽ & റിഗ് (ESPOiR)</u><br>ഓയിൽ & റിഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ ESPOiR( Enlighten Skills Program for Oil & Rig) എറണാകുളം ജില്ലയിലെ അങ്കമാലിയിലുള്ള ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ പ്രവർത്തിച്ചുവരുന്നു. |

- <u>സെന്റർ ഫോർ റിസേർച്ച് ഇൻ എഡ്യൂക്കേഷൻ & ടീച്ചർ ട്രെയിനിംഗ് (CRETT)</u>

സദ്ഭാവന ഗ്രൂപ്പുമായി സഹകരിച്ച് ടീച്ചിംഗ് മേഖലയിലെ മികവിന്റെ കേന്ദ്രമായ CRETT (Centre for Research in Education and Teacher Training) കോഴിക്കോട് ജില്ലയിലെ വെള്ളിപറമ്പിലെ സദ്ഭാവന ക്യാമ്പസിൽ പ്രവർത്തിച്ചുവരുന്നു.

- <u>സെന്റർ ഓഫ് എക്സലൻസ് ഇൻ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് (CEED)</u>

ഐ.ടി ഇതര മേഖലകളിൽ പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്കു വേണ്ടിയുള്ള പരിശീലനം നൽകുന്നതിനായി Entrepreneurship Development Institute of India (EDI), Ahmedabad എന്ന സ്ഥാപനവുമായി ചേർന്ന് CEED (Centre for Excellence in Entrepreneurship Development) എന്ന പേരിൽ മികവിന്റെ കേന്ദ്രം എറണാകുളം ജില്ലയിലെ അങ്കമാലിയിലുള്ള ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ പ്രവർത്തിച്ചു വരുന്നു.

- <u>KASE ഗ്ലോബൽ നഴ്സിംഗ് ലീഡർഷിപ്പ് അക്കാഡമി (KGNLA)</u>

എറണാകുളം ജില്ലയിൽ പ്രവർത്തിക്കുന്ന നഴ്സിംഗ് മേഖലയിലെ മികവിന്റെ കേന്ദ്രമാണ് KASE- Global Nursing Leadership Academy (KGNLA).

**<u>2. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് കൺസ്ട്രക്ഷൻ (IIIC)</u>**

കൺസ്ട്രക്ഷൻ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്തുന്നതിനായി കൊല്ലം ജില്ലയിലെ ചവറയിൽ പ്രവർത്തനസജ്ജമാകുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് കൺസ്ട്രക്ഷൻ അക്കാഡമി (IIIC) യുടെ ആദ്യഘട്ട നിർമ്മാണപ്രവർത്തനങ്ങളുടെ ഭാഗമായി 1,92,000 ചതുരശ്രയടിയുള്ള അക്കാഡമിക് ബ്ലോക്കിന്റെയും 240 പേരെ ഉൾക്കൊള്ളിക്കാൻ കഴിയുന്ന ഹോസ്റ്റൽ ബ്ലോക്കിന്റെയും നിർമ്മാണം പൂർത്തിയായി. IIIC പ്രവർത്തനസജ്ജമാക്കുന്നതിനു വേണ്ടി Uralungal Labour Contract Co-operative Society Ltd നെ Skilling Partner ആയി തെരഞ്ഞെടുക്കുകയും 30.05.2018 ന് ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തു. ജൂലൈ മാസത്തോടുകൂടി കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

| | | |
|---|---|---|
| | | **3. കൗശൽ കേന്ദ്രകൾ**<br>നൈപുണ്യ വികാസത്തിനും വ്യക്തിത്വ വികസനത്തിനും തൊഴിൽ നേടുന്നതിനും വേണ്ടിയുള്ള ലോകോത്തര നിലവാരം പുലർത്തുന്ന സ്ഥാപനമാണ് കൗശൽ കേന്ദ്ര. കൊല്ലം ജില്ലയിലെ ചവറ, കോഴിക്കോട് ജില്ലയിലെ മാനാഞ്ചിറ, പാലക്കാട് ജില്ലയിലെ കൂറ്റനാട് എന്നിവിടങ്ങളിൽ കൗശൽ കേന്ദ്രകൾ_പ്രവർത്തനമാരംഭിച്ചു.<br><br>**4. .കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ**<br>ഡിസൈൻ മേഖലയിൽ സർഗ്ഗ ശേഷിയുള്ള സമൂഹത്തെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID) എന്ന സ്ഥാപനം കൊല്ലം ജില്ലയിലെ ചന്ദനത്തോപ്പിൽ പ്രവർത്തിക്കുന്നു.<br><br>**5. അക്രഡിറ്റേഷൻ**<br>ഉന്നത നിലവാരത്തിലുള്ള തൊഴിൽ പരിശീലനം ലഭ്യമാക്കുന്ന സ്ഥാപനങ്ങൾക്ക് KASE ന്റെ അക്രഡിറ്റേഷൻ നല്കുന്നു. ഇത്തരത്തിൽ Banking and Finance , Scientific Electrolysis, Hi Tech Automation, Petroleum, Beauty & Wellness, Tourism & Hospitality, Multi Media and Animation, Physiotherapy, Ayurveda, Marine , Architecture Design, Engineering എന്നീ മേഖലകളിൽ KASE അക്രഡിറ്റേഷൻ നൽകിയിട്ടുണ്ട്. നിലവിൽ 17 സ്ഥാപനങ്ങൾ വഴി 15 വ്യത്യസ്ത മേഖലകളിൽ 52 അക്രഡിറ്റെഡ് കോഴ്സുകൾ നടന്നു വരുന്നു.<br><br>**6. എംപ്ലോയബിലിറ്റി സെന്ററുകൾ**<br><br>തൊഴിലന്വേഷകരുടെ അഭിരുചിക്കനുസരിച്ച് തൊഴിൽ നേടിയെടുക്കുവാൻ അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന നൈപുണ്യ വികസന പദ്ധതി നടത്തിവരുന്നു. നിലവിൽ കൊല്ലം, എറണാകുളം, കോഴിക്കോട്, പാലക്കാട് , കണ്ണൂർ, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. |

കാസർഗോഡ് ജില്ലയിൽ എംപ്ലോയബിലിറ്റി സെന്റർ ജൂൺ മാസം പ്രവർത്തനം ആരംഭിക്കുന്നതാണ്.

**7. കരിയർ ഡവലപ്മെന്റ് സെന്റർ (CDC)**

തൊഴിൽ അന്വേഷകർക്ക് നിശ്ചിത പ്രായപരിധിക്കകം അഭിരുചിയുള്ള കോഴ്സുകളിൽ പ്രവേശനം നേടുകയും യോഗ്യതയ്ക്കനുസരിച്ച് തൊഴിൽ ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കരിയർ ഡവലപ്മെന്റ് സെന്ററിന്റെ സുപ്രധാന ലക്ഷ്യം. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) മായി സഹകരിച്ച് കൊണ്ട് കേരളത്തിലെ വിവിധ ജില്ലകളിൽ കരിയർ ഡവലപ്മെന്റ് സെന്ററുകൾ സ്ഥാപിച്ചു വരുന്നു. കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിലും പാലക്കാട് ജില്ലയിലെ ചിറ്റൂരിലും തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകരയിലും കരിയർ ഡവലപ്മെന്റ് സെന്റർ പ്രവർത്തിച്ചു വരുന്നു.

**വെബ് അധിഷ്ഠിത ജോബ് പോർട്ടൽ പദ്ധതി**

നൈപുണ്യ വികസനം നേടിയിട്ടുള്ള തൊഴിൽ അന്വേഷകർക്കും തൊഴിൽ ദാതാക്കൾക്കും ഒരുപോലെ ഉപയോഗപ്രദമാകത്തക്ക രീതിയിൽ ആരംഭിക്കുന്ന വെബ് അധിഷ്ഠിത ജോബ് പോർട്ടൽ പദ്ധതി നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി 31.03.2018 ൽ KELTRON മായി ധാരണാപത്രം ഒപ്പിട്ടു.ജോബ് പോർട്ടലിന്റെ ഔദ്യോഗിക ഉത്ഘാടനം ജൂൺ ആദ്യ വാരം നടക്കുന്നതാണ്.

**പ്രധാൻമന്ത്രി കൌശൽ വികാസ് യോജന PMKVY ( 2016-20)**

കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻമന്ത്രി കൌശൽ വികാസ് യോജന PMKVY ( 2016-20) യുടെ Centrally Sponsored State Managed (CSSM) നടപ്പിലാക്കുന്നതിന്റെ നോഡൽ ഏജൻസിയായി സംസ്ഥാന നൈപുണ്യ വികസന മിഷനായ KASE നെ നിയോഗിച്ചിട്ടുണ്ട്. 2020 ഓട് കൂടി 71450 യുവജനങ്ങളെ പരിശീലിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാർ അംഗീകരിക്കുകയും ഇതിലേക്കായി 110 കോടി രൂപ വകയിരുത്തുകയും ചെയ്തു.പദ്ധതി നടത്തിപ്പിനായി 23 Govt.ITI കളെ തെരഞ്ഞെടുത്തു. കൂടാതെ കൂടുതൽ പരിശീലന പങ്കാളികളെ കണ്ടെത്തുന്നതിനായി ഒരു Expression of Interest ക്ഷണിക്കുകയും തുടർനടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

| | | |
|---|---|---|
| | | |
| **(ബി)** ഈ പദ്ധതികൾ വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | **(ബി)** നൈപുണ്യ വികസന പദ്ധതികളുടെ വിപുലീകരണവുമായി ബന്ധപ്പെട്ടു നടപടികൾ സ്വീകരിച്ചു വരുന്നു. ആയതിലേയ്ക്കായി കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസിനെ സ്റ്റേറ്റ് സ്കിൽ ഡവലപ്മെന്റ് മിഷനായി അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ